## അനുബന്ധം എച്ച് 4

## നോട്ടീസ്

ശ്രീമതി നന്ദു എസ്. എന്ന താങ്കൾ പത്തനംതിട്ട ജില്ലയിലെ ഏറത്ത് പ്രാഥമിക കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ആയി സേവനമനുഷ്ഠിച്ചു വരവേ 22.05.24 മുതൽ അനധികൃതമായി ജോലിയിൽ നിന്നു വിട്ടുനിൽക്കുന്നതിനാൽ കത്ത് നം. എ4-2881/24/ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)/തീ. 26.06.24 പ്രകാരം താങ്കൾക്ക് കുറ്റാരോപണ ചാർജ് മെമ്മോ നല്കിയിട്ടുള്ളതാകുന്നു. ടി കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയില്ലെന്ന് ഏറത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചതിനാൽ കത്ത് നം. എ4-2881/24/ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)/തീ. 23.08.24 പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി.

ടി കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റിയിട്ടില്ലെന്ന് കത്ത് നം. 616/24/തീ. 04.10.24 പ്രകാരം ഏറത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിരിക്കുന്നു. ആയതിനാൽ ടി കാരണം കാണിക്കൽ നോട്ടീസ് 17.10.2024 ലെ മലയാള മനോരമ ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നിട്ടും താങ്കൾ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

ഇതിൽ നിന്നും പ്രൊബേഷണറായ താങ്കൾക്ക് സർക്കാർ സർവീസിൽ തുടരാൻ താല്പര്യമില്ല എന്ന് മനസിലാക്കുകയും ഉത്തരവ് നം. DMOH-PTA/4548/2024-A4, തീ. 12.11.24 പ്രകാരം 15.05.2023 ൽ സർവീസിൽ പ്രവേശിച്ച താങ്കളെ 1960 ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം II (VII) അനുസരിച്ച് 22.05.24 മുതൽ സർവീസിൽ നിന്ന് നീക്കം ചെയ്ത് ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

Signed by
Anitha Kumary L
Date: 26-11-2024 16:53:27
DISTRICT MEDICAL OFFICER

**സ്വീകർത്താവ്**

ശ്രീമതി നന്ദു എസ്.
തെക്കുംഭാഗത്ത് പടിഞ്ഞാറ്റേതിൽ
തെക്കേ നഗർ, തെക്കേവിള പി.ഒ.
കൊല്ലം- 691 016